(ബി) പ്രതികൾക്കെതിരെ ഏതെല്ലാം വകുപ്പുകൾ ഉപയോഗിച്ചാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; സംസ്ഥാന പോലീസിലെ ഏത് വിഭാഗമാണ് കേസ്സന്വേഷണം നടത്തുന്നത്; പ്രതികൾ ഇപ്പോൾ എവിടെയാണ്; വിശദവിവരം വെളിപ്പെടുത്താമോ;

(സി) കൊല്ലപ്പെട്ട മദ്യവിരുദ്ധപ്രവർത്തകൻ സതീഷ്കുമാറിന്റെ പിതാവും പൊതുപ്രവർത്തകനുമായ സദാശിവനെ പോലീസ് അറസ്റ്റ് ചെയ്യാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് ഇദ്ദേഹത്തിനെതിരെ കേസ്സ് ചാർജ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സതീഷ്കുമാർ മരണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിലേക്ക് ഹരിപ്പാട് പോലീസ് സ്റ്റേഷനിൽ ക്രൈം 307/99 യു.എസ് 304 (11) 34 ഐ.പി.സി.പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഈ കേസ്സിലെ പ്രതികളായ ഷാജി, രാമചന്ദ്രൻ എന്നിവർ സി.പി.എം അനുഭാവികളാണ്.

(ബി) 304 (11) 34 ഐ.പി. സി വകുപ്പുകൾ ഉപയോഗിച്ചാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ലോക്കൽ പോലീസാണ് കേസ്സന്വേഷണം നടത്തുന്നത്. പ്രതികളെ 8-11-99-ൽ റിമാന്റപേക്ഷ സഹിതം കോടതിയിൽ ഹാജരാക്കിയിരുന്നതും കോടതിയിൽ നിന്ന് റിമാന്റ് അനുവദിച്ച് മാവേലിക്കര സബ്ജയിൽ ജുഡിഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞുവരവേ 23.11.99-ൽ മാവേലിക്കര അഡീഷണൽ സെഷൻസ് കോടതി 1-ൽ നിന്നും ജാമ്യം അനുവദിച്ച് ടിയാൻ മാർ ഇപ്പോൾ ജാമ്യത്തിൽ കഴിഞ്ഞുവരുന്നു.

(സി) ഹരിപ്പാട് പോലീസ് സ്റ്റേഷൻ ക്രൈം 308/99 നമ്പർ കേസ്സിലെ 4-ാം പ്രതിയായതിനാൽ.

(ഡി) സെക്ഷൻ 143,147,148,149,323,308, ഐ.പി.സി. പ്രകാരം

സതീഷ്കുമാറിന്റെ കൊലപാതകം.

(61) ശ്രീ. നാലകത്ത് സൂപ്പി :
ചെർക്കളം അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മദ്യവിരുദ്ധ പ്രചരണം നടത്തുന്നവർക്കെതിരെ മദ്യലോബികളുടെ ഗുണ്ടകൾ ആക്രമണം നടത്തുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് മദ്യവിരുദ്ധ പ്രവർത്തകനായ സതീഷ്കുമാറിനെ കൊലപ്പെടുത്തിയ കേസ്സിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ പ്രതികൾ ആരെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അവർ ഏതു രാഷ്ട്രീയ പാർട്ടിയിൽ പ്രവർത്തിക്കുന്നവരാണ് എന്നറിയിക്കുമോ?

ഉത്തരം

(എ) പരാതി ലഭിച്ച സംഭവങ്ങളിൽ നിയമാനുസൃതം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സതീഷ്കുമാറിന്റെ മരണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) ഷാജി, രാമചന്ദ്രൻ.

(ഡി) സി.പി.എം. അനുഭാവികളാണ്.

സതീഷ് കുമാറിന്റെ കൊലപാതകം

(62) ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മദ്യവിരുദ്ധ പ്രവർത്തകർക്കെതിരെ ഏതെല്ലാം സ്ഥലങ്ങളിൽ ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഹരിപ്പാട് മദ്യവിരുദ്ധ പ്രവർത്തകനായ സതീഷ്കുമാറിനെ മർദ്ദിച്ച് കൊലപ്പെടുത്തിയത് സംബന്ധിച്ച് സർക്കാർ ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ കേസുമായി ബന്ധപ്പെട്ട് സതീഷ്കുമാറിന്റെ അച്ഛനെ പോലീസ് അറസ്റ്റ് ചെയ്യാനുണ്ടായ കാരണമെന്താണ്;

(ഡി) പോലീസ് ആ പ്രദേശത്തുള്ള ആളുകൾക്കെതിരെ കള്ളക്കേസ്സുകൾ എടുക്കുന്നതായ പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ;

(ഇ) സതീഷ്കുമാറിനെ വധിച്ച സംഭവവുമായി ബന്ധപ്പെട്ട പ്രതിക്കൾക്കെതിരെ എന്തെല്ലാം വകുപ്പുകളനുസരിച്ചാണ് കേസ്സെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) സതീഷ്കുമാറിന്റെ പിതാവ് സദാശിവനെതിരെ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് കേസ്സ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സതീഷ്കുമാർ മരണപ്പെട്ട സംഭവത്തിന് ഹരിപ്പാട് പോലീസ് സ്റ്റേഷനിൽ ക്രൈം 307/99 യു.എസ് 304 (11) 34 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രസ്തുത കേസ്സിലെ ഷാജി, രാമചന്ദ്രൻ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly